"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലാ പഞ്ചായത്ത് - *വിജ്ഞാൻ സാഗർ ശാസ്ത്ര-സാങ്കേതിക പാർക്കി*ന്റെ പ്രവർത്തനത്തിന് വികസന ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.2062/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/11/2020

---

പരാമർശം:- 1 തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.09.2019 ലെ കത്ത്.

2 23.09.2020 ലെ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 4.25 നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലാ പഞ്ചായത്തിനു കീഴിൽ പ്രവർത്തിച്ചുവരുന്ന വിജ്ഞാൻ സാഗർ ശാസ്ത്ര-സാങ്കേതിക പാർക്കിൽ ഐ.എസ്.ആർ.ഒ പവലിയൻ, സ്പേസ് എക്സ്പ്ലോറിയം, സയൻസ് ലാബ്, ഇലക്ട്രോണിക്സ് ലാബ് - കം-സ്മാർട്ട് ക്ലാസ് റൂം, ശാസ്ത്ര പ്രദർശനം എന്നിവ നിലവിലുണ്ട്. ഭാവിയിൽ 3D മൾട്ടിപ്ളക്സ് തിയേറ്റർ, സഞ്ചരിക്കുന്ന ശാസ്ത്ര പ്രദർശനം, മഹാത്മാ ഗാന്ധി അംബേദ്കർ മ്യൂസിയം, പ്ലാനറ്റോറിയം എന്നിവയും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 2019 ജനുവരി മുതൽ ഇവിടെ താൽക്കാലിക അടിസ്ഥാനത്തിൽ ആറു പേരെ നിയമിച്ചിട്ടുണ്ട്. വിജ്ഞാൻ സാഗറിന്റെ പ്രവർത്തനത്തിലൂടെ ഒരു വർഷം 10 ലക്ഷം രൂപ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. പ്രതീക്ഷിക്കുന്ന ചെലവ് 30.50 ലക്ഷം രൂപയാണ്. ഇപ്പോഴത്തെ സ്ഥിതിയിൽ ഈ വരുമാനത്തിലൂടെ സ്ഥാപനം മുന്നോട്ടു കൊണ്ടു പോകാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാന പ്രകാരം *വിജ്ഞാൻ സാഗർ ശാസ്ത്ര-സാങ്കേതിക പാർക്കി*ന്റെ പ്രവർത്തനങ്ങൾക്കായി 2019-20 മുതൽ 2 വർഷക്കാലത്തേക്ക് തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.11.03 12:31:17 IST
Reason: Approved